# പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 205. 10.12.2012 ന് മറുപടിയ്ക്ക്.

## ശബരീജലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) ശബരീജലം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. പെരിയാർ വെസ്റ്റ് ഡിവിഷനുകീഴിൽ മൂഴിക്കലിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പത്തനാപുരത്തിനടുത്ത് കടശ്ശേരിയിൽ മറ്റൊരു യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തുക, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം നടത്തുന്നതിന് പ്രോത്സാഹനം/അവബോധം നൽകുക, ശബരിമല തീർത്ഥാടകർക്ക് ശുദ്ധജലം ലഭ്യമാക്കുക, ശബരീജലം കുപ്പികൾ തിരികെ നൽകുമ്പോൾ പുതുതായി വാങ്ങുന്ന കുപ്പികൾക്ക് 1 രൂപ കിഴിവ് നൽകുന്നതുവഴി വനപ്രദേശത്ത് പ്ലാസ്റ്റിക് കുപ്പികൾ കൊണ്ടുള്ള മലിനീകരണം ഒഴിവാക്കുക, ഇക്കോഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് തൊഴിലിനും വേതനത്തിനും അവസരമൊരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) എത്ര ലക്ഷം ലിറ്റർ ശുദ്ധജലം വിപണിയിലെത്തിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) പെരിയാർ വെസ്റ്റ് ഡിവിഷന്റെ കീഴിലുള്ള മൂഴിക്കൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ശബരീജലം കുടിവെള്ള പദ്ധതിയുടെ പ്രതിവർഷ ഉത്പാദനലക്ഷ്യം 10 ലക്ഷം ലിറ്റർ ശുദ്ധജലവും, കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ |

മേൽനോട്ടത്തിൽ വനം വകുപ്പിന്റെ സഹകരണ ത്തോടെ പത്തനാപുരത്തെ കടശ്ശേരിയിൽ പ്രവർത്തനം ആരംഭിക്കുന്ന ശബരീജലം കുടിവെള്ള പദ്ധതിയുടെ പ്രതിവർഷ ഉത്പാദന ലക്ഷ്യം 20 ലക്ഷം ലിറ്റർ ശുദ്ധജലവുമാണ്.

(ഡി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

(ഡി) മൂഴിക്കലിലെ പദ്ധതി പെരിയാർ ഫൗണ്ടേഷന്റെ സഹായത്തോടെ പെരിയാർ ഈസ്റ്റ് ഡിവിഷനിലെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളാണ് നടപ്പാക്കുന്നത്. കടശ്ശേരിയിലെ പദ്ധതി വനം വകുപ്പിന്റെ സഹായത്തോടെ കേരള വനം വികസന കോർപ്പറേഷനാണ് നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ.